(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകപ്പുമേധാവികൾക്കും നിയമന ശിപാർശ നൽകുന്നതിന് പി.എസ്.സി.-ക്കും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എൽ.ഡി.സി.-യിൽ 14-ഉം, എൽ.ജി.എസ്.-ൽ 3-ഉം ഒഴിവുകൾ പുതിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ**

14 (1836) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി**

15 (1837) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികൾ ലഭിക്കുകയുണ്ടായി ; ആയതിൽ എത്രയെണ്ണം തീർപ്പാക്കി ; എത്ര പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നു ; ആയതിൽ എത്ര പേർക്ക് എത്ര തുകയുടെ ധനസഹായം അനുവദിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിക്ക് ലഭിച്ച എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly